# അതിരില്ലാത്ത ദൈവകാരുണ്യം

ചിന്താവിഷയം

●

**ഹസനുൽ ബന്ന**

**മനുഷ്യൻ** എത്ര ശ്രമിച്ചാലും തെറ്റുകൾ സംഭവിക്കുമെന്നത് ഒരു യാഥാർഥ്യമാണ്. പ്രത്യക്ഷത്തിൽ വളരെ നല്ലവനായി കാണുന്ന ആളിൽ പോലും നാം അറിയാത്ത ഒരു ദൗർബല്യം ഉറങ്ങിക്കിടക്കുന്നുണ്ടാവാം. സന്ദർഭം കിട്ടുമ്പോൾ ആ 'മാർജാരൻ' എഴുന്നേൽക്കുകയും 'ദൗത്യം' നിർവഹിക്കുകയും ചെയ്യും. ഇനി ചിലർ ബാഹ്യമായി തീർത്തും തെറ്റിൽനിന്ന് മുക്തരാവാം. പക്ഷേ, ആന്തരികമായി അവർക്കത് സാധിക്കില്ല. മറിച്ച് ഹൃദയശുദ്ധിയിൽ അതീവ ജാഗ്രത പുലർത്തുന്നവർ തന്നെ ബാഹ്യവിശുദ്ധിയിൽ അത്ര ചിട്ട പാലിക്കാൻ കഴിയാതെ കുഴങ്ങുന്നു. അതുകൊണ്ടത്രെ നബി(സ) ഇപ്രകാരം പറഞ്ഞത്: "എല്ലാ ആദം സന്തതികളും തെറ്റു ചെയ്യുന്നു. എന്നാൽ തെറ്റ് ചെയ്യുന്നവരിൽ ഉത്തമർ പശ്ചാത്തപിച്ച് മടങ്ങുന്നവരാണ്" (തിർമിദി).

അപ്പോൾ തെറ്റ് ചെയ്യുന്നുവെന്നതല്ല ഗുരുതരമായ കാര്യം. പ്രത്യുത അതിൽ പശ്ചാത്തപിക്കാതിരിക്കുക അഥവാ ധിക്കാരപൂർവം തെറ്റിൽ ഉറച്ചുനിൽക്കുക എന്നതാണ് കുറ്റകരം. അങ്ങനെയാവുമ്പോൾ മനുഷ്യനു ലഭിക്കുന്ന ഏറ്റവും വലിയ ദൈവാനുഗ്രഹമാണ് കുറ്റബോധമെന്നു വരുന്നു.

തെറ്റുകുറ്റങ്ങൾക്കും ചില നല്ല വശങ്ങളുണ്ടെന്ന കാര്യം മറക്കരുത്. ഒന്നാമതായി അല്ലാഹു മാത്രമാണ് പരിശുദ്ധൻ എന്ന ധാരണ നമ്മിൽ ശക്തമായി വേരിറങ്ങും. രണ്ടാമതായി 'ഞാൻ എല്ലാം തികഞ്ഞവൻ' എന്ന അഹങ്കാരവുമുണ്ടാവില്ല. (തീർത്തും തെറ്റു ചെയ്യാത്ത അവസ്ഥയേക്കാൾ അൽപസ്വൽപമൊക്കെ തെറ്റ് സംഭവിക്കലാണ് നല്ലതെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഉണ്ട്). അന്തിമ വിശകലനത്തിൽ നമ്മുടെ നിസ്സാരത സ്വയം ബോധ്യപ്പെടാനും അതുവഴി ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിലേക്ക് നിരന്തരം പശ്ചാത്തപിച്ചു മടങ്ങാനും അത് നമ്മെ പ്രേരിപ്പിക്കുന്നു.

പ്രാർഥനകളിൽ ഏറ്റവുമധികം ആത്മാർഥത നിറഞ്ഞു തുളുമ്പുന്നവ പാപപ്രവൃത്തികൾ സംബന്ധിയായവയത്രെ. നമ്മുടെ ഭാഗത്തുനിന്നുള്ള അങ്ങേയറ്റത്തെ അടിമത്ത പൂർണിമയുടെയും അനുസരണ സന്നദ്ധതയുടെയും തേങ്ങലുകളുയരുക പാപമോചന പ്രാർഥനകളിലാണ്. "നാഥാ.... അരുതാത്തത് സംഭവിച്ചു പോയല്ലോ" എന്ന തീവ്രമായ മനോവ്യഥ നമ്മെ വേട്ടയാടും. പശ്ചാത്താപത്തിന്റെ തീക്കനലുകളിൽ ഹൃദയം വെന്തുനീറുമ്പോൾ അതിന്റെ ആദിമവിശുദ്ധിയുടെ തിളക്കം നമുക്ക് വീണ്ടുകിട്ടും. അല്ലാഹുവാകട്ടെ നമ്മുടെ പാപമോചന പ്രാർഥനകൾക്കുവേണ്ടി കൗതുകപൂർവം കാതോർക്കുകയാണ്. ഇഷ്ടദാസന്റെ ഹൃദയതേങ്ങലുകൾ അല്ലാഹുവിൽ ഏറെ പ്രിയങ്കരമാണെന്ന് പറയുന്ന നിരവധി പ്രമാണങ്ങളുണ്ട്. ലോകമെങ്ങും ദൈവനിഷേധവും ദൈവത്തിൽ പങ്കാളികളെ കൽപിക്കലും തിമർത്താടുമ്പോൾ വേപഥുപൂണ്ട മനസ്സുമായി അല്ലാഹുവിന്റെ അസ്തിത്വത്തെയും ഗുണഗണങ്ങളെയും ഒരുപോലെ അംഗീകരിച്ച് അവനിലേക്ക് കൈകളുയർത്തുന്ന ദാസനെ തീർച്ചയായും അവൻ ഏറെ ഇഷ്ടപ്പെടുക തന്നെ ചെയ്യും. ഖുർആൻ പറയുന്നു: "പ്രവാചകരേ, പറഞ്ഞു കൊടുക്കുക. സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ച എന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവരുത്. നിശ്ചയം അല്ലാഹു സകല പാപങ്ങൾക്കും മാപ്പേകുന്നവനത്രെ" (അസ്സുമർ 53).

മനുഷ്യനെ പാപം ചെയ്യാവുന്ന അവസ്ഥയിൽ സൃഷ്ടിച്ച അല്ലാഹു അതുകൊണ്ടുതന്നെ അവയിൽനിന്ന് രക്ഷപ്പെടാനുള്ള വഴികൾ പറഞ്ഞുകൊടുക്കുന്നതും സ്വാഭാവികം. എന്നാൽ പിശാച് ഒരിക്കലും നമ്മുടെ പാപമോചന പ്രാർഥന ഇഷ്ടപ്പെടുകയില്ല. നമ്മെ തെറ്റിൽ തന്നെ തളച്ചു നിർത്തലത്രെ അവന്റെ തന്ത്രം. ഒരു പ്രവാചക പ്രാർഥന ശ്രദ്ധിക്കുക: "അല്ലാഹുവേ ശപിക്കപ്പെട്ട പിശാചിൽനിന്ന്- അവന്റെ കുത്തിൽനിന്നും ഊത്തിൽനിന്നും ദുർബോധനത്തിൽനിന്നും- ഞാൻ നിന്നിലഭയം തേടുന്നു" (അഹ്മദ്).

പൈശാചിക ശക്തികൾ നമ്മെ വഴിതെറ്റിക്കാൻ ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച വിശുദ്ധരായ മലക്കുകൾ നമുക്കുവേണ്ടി പ്രാർഥിക്കുന്നുണ്ടെന്നുകൂടി മനസ്സിലാക്കുക.

കരുണാമയനായ നാഥൻ അടിമകളുടെ സർവപാപങ്ങളും പൊറുക്കും, നാം യഥാവിധി പശ്ചാത്തപിക്കണമെന്നുമാത്രം. എന്നാൽ അല്ലാഹു ശിർക്കിനെ പറ്റി 'പൊറുക്കാത്ത കുറ്റം' എന്നുപറഞ്ഞിട്ടുണ്ടല്ലോ എന്ന സംശയമുയരാം. ശരിയാണ്, അതിനു പക്ഷേ രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, ശിർക്കിന്റെ ഗൗരവം ഉണർത്താനാണ് ആ പ്രയോഗം. രണ്ട്, പശ്ചാത്തപിക്കാത്ത മനുഷ്യന് ഒരിക്കലും അവന്റെ ശിർക്ക് പൊറുക്കുകയില്ല. എന്നാൽ ആത്മാർഥമായി പശ്ചാത്തപിക്കുന്ന മനുഷ്യന്റെ ഇതര പാപങ്ങളെ പോലെ ശിർക്കും അല്ലാഹു പൊറുക്കും. "ഇസ്‌ലാം അതിനു മുമ്പുള്ളതും തൗബ അതിനു മുമ്പുള്ളതും മായ്ച്ചുകളയും" എന്ന നബിവചനം സുവിദിതമാണല്ലോ. മാത്രമല്ല അല്ലാഹു അവന്റെ അപാരമായ അനുഗ്രഹത്താൽ തൗബ ചെയ്യുന്ന ദാസന്മാരുടെ തിന്മകളെ നന്മകളാക്കി പരിവർത്തിപ്പിക്കുന്നുമുണ്ട്! ഖുർആൻ കാണുക: "പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളിലേർപ്പെടുകയും ചെയ്തവർക്ക് തങ്ങളുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമായവൻ" (*ഫുർഖാൻ* 70). ■